ഫെബ്രുവരി 2020

# മുസിരിസ് വാർത്ത

www.muzirisheritage.org

muzirisheritage

മുസിരിസ് പൈതൃക പദ്ധതി




പ്രകൃതി സംരക്ഷണത്തിന്റെ പ്രസക്തിയും
ജലജീവ സംരക്ഷണത്തിന്റെ
പ്രാധാന്യവും, ജലവിനോദ സഞ്ചാരത്തിലൂടെ
സംവദിച്ച് മുസിരിസ് പാഡിൽ 2020ന്
മുസിരിസ് ജലപാത സാക്ഷ്യം വഹിച്ചു.




പ്രൊഫ. ഡോ. കേശവൻ വെളുത്താട്ട്

മുസിരിസ് പൈതൃക പദ്ധതി 2020 പുതുവർഷത്തിൽ എത്തിനിൽക്കുമ്പോൾ ചരിത്രപണ്ഡിതനായ പ്രൊഫ. ഡോ. കേശവൻ വെളുത്താട്ട് ഉപദേശകനായി മുസിരിസ് പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾ മുന്നോട്ട് പോവുകയാണ്. നിലവിൽ കൊടുങ്ങല്ലൂർ തീരദേശ പൈതൃക പഠന കേന്ദ്രത്തിന്റെ ഡയറക്ടറായ അദ്ദേഹം, മുസിരിസ് പൈതൃക പരിപാലനത്തിൽ കൃത്യമായ നിർദേശങ്ങൾ നൽകി മുസിരിസിനൊപ്പമുണ്ട്. മുസിരിസ് പൈതൃക പദ്ധതി ലോകമെമ്പാടുമുള്ള വിവിധ സംഘടനകളുമായി കൈകോർത്ത് പുതിയ അദ്ധ്യായങ്ങൾ തുറക്കുകയാണ്. ഡോ. വെളുത്താട്ടിന്റെ നാല് ദശാബ്ദത്തിലധികമായുള്ള പ്രവർത്തനപാടവം മുസിരിസിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജം നൽകുന്നു.

പ്രൊഫ. ഡോ. കേശവൻ വെളുത്താട്ടിന്റെ പ്രാചീന-മധ്യകാല ദക്ഷിണേന്ത്യയെകുറിച്ചുള്ള ചരിത്രപഠനങ്ങൾ വിവിധ കലാലയങ്ങളിൽ പഠനവിഷയങ്ങളാണ്. 1975 കാലങ്ങളിൽ കേരളത്തിലെ വിവിധ സർക്കാർ കോളേജുകളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച അദ്ദേഹം 1982ൽ മാൻഗ്ലൂർ യൂണിവേഴ്സിറ്റിയിൽ അധ്യാപകനായി ചേരുകയും, തന്റെ ദീർഘകാല അധ്യാപന-ഗവേഷണ ജീവിതത്തിനുശേഷം അവിടെനിന്നും വിരമിക്കുകയും ചെയ്തു. 2009 മുതൽ 2016 വരെ ഡൽഹി യൂണിവേഴ്സിറ്റിയിലെ പ്രാചീന ഭാരത ചരിത്രത്തിന്റെ അധ്യക്ഷനായി സേവനമനുഷ്ഠിക്കാൻ ക്ഷണിക്കപ്പെട്ട പ്രൊഫ. ഡോ. കേശവൻ വെളുത്താട്ട്, പാരിസിലെ Ecole Pratique des Hautes Etudes, Maison des Sciences de l'Homme എന്നി വിശ്വ കലാലയങ്ങളിലും, കോട്ടയം മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിലും, ന്യൂ ഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലും, ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലും വിസിറ്റിംഗ് പ്രൊഫസറായിരുന്നു.

പ്രൊഫ. ഡോ. കേശവൻ വെളുത്താട്ട് എഴുതുകയും, പത്രാധിപത്യം നിർവഹിക്കുകയും ചെയ്ത ചരിത്രലേഖനങ്ങൾ ദക്ഷിണേന്ത്യൻ ചരിത്രപഠനത്തിലെ നാഴികക്കല്ലുകളാണ്. ഇംഗ്ലീഷിലും മലയാളത്തിലുമായി മൂന്ന് പ്രബന്ധങ്ങളും മൂന്ന് ലേഖന സമാഹാരങ്ങളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. ദക്ഷിണേന്ത്യയുടെ മധ്യകാല ചരിത്രസൈദ്ധാന്തികൻ എന്നതിനപ്പുറം കേരളത്തിലെ ബ്രാഹ്മണ കുടിയേറ്റത്തിലും, മധ്യകാല ദക്ഷിണേന്ത്യൻ ചരിത്രത്തിലും അദ്ദേഹം നടത്തിയ പഠനങ്ങൾ ഇന്ത്യൻ ചരിത്രത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്.

ഇന്ത്യയും പൗരസ്ത്യ ദേശങ്ങളുമായുള്ള ചരിത്രപരമായ കൊടുക്കൽ വാങ്ങലുകളെക്കുറിച്ച് പഠിക്കുന്ന ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് മുംബൈയുടെ സ്ഥാപക ദിനമായ നവംബർ 26, 2019 ന് 2016-2018ലെ ക്യാമ്പെൽ മെമ്മോറിയൽ ഗോൾഡ് മെഡലിന് പ്രൊഫ. ഡോ. കേശവൻ വെളുത്താട്ട് അർഹനായി. പൗരസ്ത്യ ഗവേഷണ മേഖലയിലെ ഗവേഷണ സംഭാവനകൾക്ക് മൂന്ന് വർഷത്തിലൊരിക്കൽ നൽകുന്നതാണ് ഈ വിശിഷ്ട അവാർഡ്.

2019 ഡിസംബർ 19ന് കണ്ണൂരിൽനടന്ന ഇന്ത്യൻ ചരിത്രകോൺഗ്രസിന്റെ എട്ടാമത് സെഷനിൽ വെച്ച് പ്രൊഫ. ഡോ. കേശവൻ വെളുത്താട്ട്, ഇന്ത്യൻ ചരിത്രകോൺഗ്രസിന്റെ ജനറൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ ചരിത്ര കോൺഗ്രസിന്റെ ജോയിൻ സെക്രട്ടറിയുമായും സെക്ഷണൽ സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിരുന്നു.

മുസിരിസ് പൈതൃക സംരക്ഷണത്തിൽ ഡോ. വെളുത്താട്ട് നൽകുന്ന സംഭാവനകൾ അഭിനന്ദനാർഹമാണ്. അദ്ദേഹത്തിന്റെ പുതിയ പദവിയിൽ എല്ലാ ആശംസകളും അർപ്പിക്കുകയും, മുസിരിസിന്റെ മുന്നോട്ടുള്ള യാത്രയിൽ അദ്ദേഹത്തിന്റെ കൂടുതൽ നിർദേശങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

# മുസിരിസ് പാഡിൽ 2020




ചരിത്ര സ്മാരകങ്ങൾ, പ്രകൃതിചിത്രങ്ങൾ, തനത് രുചിഭേദങ്ങൾ, എന്നിങ്ങനെ എല്ലാത്തരത്തിലും വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഇടമാണ് മുസിരിസ്.

'പാഡിൽ ടു പ്രിസെർവ്' (സംരക്ഷണത്തിന് വേണ്ടി തുഴയെറിയുക) എന്ന ലക്ഷ്യവുമായി ജനുവരി 4, 5 തീയതികളിൽ മുസിരിസ് പൈതൃക പദ്ധതി, ജെല്ലിഫിഷ് വാട്ടർ സ്പോർട്സുമായിചേർന്ന് മുസിരിസ് പാഡിൽ 2020 നടത്തി. കയാക്കിങ്ങിനും, സ്റ്റാൻഡ് അപ്പ് പാഡലിങ്ങിനും പ്രോത്സാഹനം നൽകിക്കൊണ്ടുള്ള ജലവിനോദ പരിപാടി, സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളെയും, സാഹസിക യാത്രാപ്രേമികളെയും മുസിരിസിലേക്ക് ആകർഷിച്ചു.

അവഗണിക്കപ്പെട്ടിരുന്ന ജലജീവ സമ്പത്തിനെ കുറിച്ചുള്ള ബോധവൽക്കരണവും, ജലസമ്പത്തിന്റെ പരിപാലനവും, ശുചിത്വവും ലക്ഷ്യംവെച്ച് നടത്തിയ ജലവിനോദ പരിപാടിയായ മുസിരിസ് പാഡിലിൽ, തുടക്കക്കാർക്കും പരിചയ സമ്പത്തുള്ളവർക്കും ഒരു പോലെ പങ്കെടുക്കാമായിരുന്നു. കയാക്കിങ് വിദഗ്ദ്ധരാലും, റിവർ ഗൈഡുകളെകൊണ്ടും പരിശീലനം ലഭിച്ച തുഴച്ചിലുകാർ തുഴയുന്നതിനിടയിൽ ജലപാത ശുചീകരിക്കേണ്ട ഉത്തരവാദിത്തവും സന്തോഷത്തോടെ ഏറ്റെടുത്തു.

ജെല്ലിഫിഷ് വാട്ടർ സ്പോർട്സ് സ്ഥാപകനായ കൗശിക് കോടിത്തൊടിയുടെ അഭിപ്രായത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം കയാക്കിങ് പുതിയ ഒരു ആശയമാണ്. പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കാൻ വേണ്ടിയാണ് കേരള സർക്കാരും, ടൂറിസം വകുപ്പും, ജെല്ലിഫിഷ് വാട്ടർ സ്പോർട്സും സംയുക്തമായി ശ്രമിക്കുന്നത്. കൺസേർവേഷനും വാട്ടർ സ്പോർട്സുമായി ബന്ധിപ്പിക്കുന്നത് ഒരു മനോഹര ആശയമാണെന്ന് ഞങ്ങൾ കരുതുന്നു. കഴിഞ്ഞ 6 വർഷമായി ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള മനുഷ്യരെയും ജലവിനോദ പരിപാടികളായ കയാക്കിങ്, സൂപ്പിങ് (Suping) സെയിലിംഗ്, കനോയിങ്, എന്നിവയുമായി ബന്ധിപ്പിക്കുന്നുണ്ട്. 'പ്രിസർവേഷൻ' പരിപാലനത്തിന് ഊന്നൽ നൽകുമ്പോൾ പാഡ്ല്ലിങ് ജലജീവിതവുമായി ആഴത്തിലുള്ള ബന്ധം സ്ഥാപിക്കുന്നതിന് സഹായിക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കേരളത്തിലെ കായലോരങ്ങളിലൂടെ 40 കിലോമീറ്റർ ദൂരം സഞ്ചരിച്ച കയാക്കേഴ്സ് മുസിരിസ് പൈതൃക പ്രദേശങ്ങളായ മഞ്ഞുമാതാ പള്ളി, പള്ളിപ്പുറം കോട്ട, ചെറായിയിൽ സഹോദരൻ അയ്യപ്പൻ സ്മാരകം, പറവൂർ സിനഗോഗ് എന്നിവയും സന്ദർശിച്ചു.

ജനുവരി 4ന് ശ്രീ. വി.ആർ. സുനിൽകുമാർ, മുസിരിസ് കോട്ടപ്പുറം വാട്ടർ ഫ്രന്റിൽവച്ച് ഫ്ളാഗ് ഓഫ് ചെയ്തു. ജനുവരി 5ന് കൊച്ചിയിലെ ബോൾഗാട്ടി ദ്വീപിൽ പാഡ്ല്ലിങ് സമാപിച്ചു.

2017ലെ ഓസ്ട്രേലിയൻ ജിയോഗ്രാഫിക് അഡ്വെഞ്ചർ അവാർഡ് നേടിയ ഓസ്ട്രേലിയൻ സാഹസികയായ സാൻഡി റോബ്സൻ നേതൃത്വം നൽകിയ പര്യടനം പ്രത്യേക ആകർഷണമായിരുന്നു.

സാമൂഹ്യ പ്രതിബദ്ധതയുടെ പുതിയ അധ്യായം അടയാളപ്പെടുത്തിയാണ് മുസിരിസ് പാഡിൽ 2020 കടന്നുപോയത്.



# അനൗപചാരിക ചരിത്രപഠന പദ്ധതി




മുസിരിസ് പൈതൃകസംരക്ഷണ പദ്ധതിയുടെ ഭാഗമായി നടത്തിയ 'ഹെറിറ്റേജ് വാക്' കുട്ടികൾക്ക് പുതിയ പഠനസാദ്ധ്യതകൾ തുറന്നിട്ടു. 2020 ജനുവരി 14 ഉച്ചയ്ക്ക് 2.30ന് ബഹു. ധനകാര്യമന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് പൈതൃകാഘോഷങ്ങളുടെ ഭാഗമായുള്ള ഹെറിറ്റേജ് വാക്കിന്റെ സംസ്ഥാനതല ഉത്ഘാടനം, കൊടുങ്ങല്ലൂർ കോട്ടപ്പുറം കോട്ടയിൽവെച്ച് നിർവഹിച്ചു. പൂർണമായും സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച പരിപാടിയിൽ, അദ്ദേഹം കുട്ടികളുടെയൊപ്പം കോട്ടയിലേക്ക് ഇറങ്ങുകയും, അവരുമായി സംവദിക്കുകയും, ചരിത്ര സംബന്ധമായ ചോദ്യങ്ങൾ ചോദിക്കുകയും ശരിയുത്തരം പറയുന്നവർക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകുകയും ചെയ്തു. ഒരുമണിക്കൂറിലേറെ കുട്ടികളുമായി കോട്ടയ്ക്കുള്ളിൽ സമയം ചിലവഴിച്ച അദ്ദേഹം, സന്ദർശിക്കുന്ന സ്ഥലങ്ങളുടെ ചരിത്ര പശ്ചാത്തലം മനസിലാക്കേണ്ടുന്നതിന്റെ പ്രസ്കതിയെ കുറിച്ചാണ് കുട്ടികളോട് സംസാരിച്ചത്.

ഡോ. കേശവൻ വെളുത്താട്ട്, ഡോ. മൈക്കിൾ തരകൻ എന്നിവർ ഉത്ഘാടനസമ്മേളനത്തിൽ ചരിത്രത്തിലെ രസകരമായ സംഭവങ്ങൾ കുട്ടികളുമായി പങ്കുവെച്ചു. പാലിയം കൊട്ടാരത്തിന്റെ ചരിത്രം, ചേരമാൻ പള്ളിയുടെ ചരിത്രം. കോട്ടപ്പുറം കോട്ട, പട്ടണം ഖനനം എന്നിവ കുട്ടികളുമായുള്ള സംവാദത്തിന്റെ വിഷയങ്ങളായിരുന്നു.

ലോക പൈതൃകദിനത്തോട് അനുബന്ധിച്ച് നടന്ന മ്യൂസിയങ്ങളിലെ പ്രദർശനങ്ങളുടെ വിജയത്തിന് ശേഷം കുട്ടികൾക്കായി രണ്ട് ദിവസത്തെ ഹെറിറ്റേജ് വാക്ക് മുസിരിസ് പൈതൃക പദ്ധതി അവതരിപ്പിക്കുകയുണ്ടായി. കേരളചരിത്രത്തെ കുട്ടികൾക്ക് പരിചയപ്പെടുത്തുകയായിരുന്നു കുട്ടികൾക്ക് വേണ്ടിയുള്ള പഠന-വിനോദ യാത്രയുടെ ലക്ഷ്യം. കേരള വിദ്യാഭ്യാസവകുപ്പിന്റെ 8, 9, 10 ക്ലാസ്സിലെ കുട്ടികളുടെ പാഠ്യപദ്ധതിയിൽ മുസിരിസിനെകുറിച്ചും, കേരളത്തിന്റെ ചരിത്ര പൈതൃകങ്ങളെക്കുറിച്ചുമുള്ള പാഠങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കോട്ടപ്പുറം കോട്ട, പറവൂരിലെയും ചേന്ദമംഗലത്തെയും ജൂത സിനഗോഗുകൾ, പാലിയം ഡച്ച് കൊട്ടാരം, പാലിയം നാലുകെട്ട് എന്നിവ ബന്ധിപ്പിച്ചുള്ള

'ഹെറിറ്റേജ് വാക്' കളികളും, കഥകളും, പ്രവർത്തികളും നിറഞ്ഞതായിരുന്നു. പരമ്പരാഗത കലാരൂപങ്ങളുടെ പ്രദർശനവും സംവാദവും മാത്രമല്ല അന്യോന്യം സമ്പർക്കം പുലർത്തുന്ന പഠനപ്രവർത്തനങ്ങളും ഉൾകൊള്ളിച്ചുള്ളതായിരുന്നു ഹെറിറ്റേജ് വാക്. കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തി ചരിത്രപഠനം കൂടുതൽ വിദ്യാർത്ഥി സൗഹൃദമാക്കാൻ ഹെറിറ്റേജ് വാക്കിന് കഴിഞ്ഞു.

അഡ്വ. വി.ആർ. സുനിൽകുമാർ എം.ൽ.എ, ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ എം.ൽ.എ., പ്രൊഫ. ഡോ. കേശവൻ വെളുത്താട്ട് (ഡയറക്ടർ ISHCK), ഡോ. മൈക്കിൾ തരകൻ, ശ്രീ. പി.എം. നൗഷാദ് (ഡയറക്ടർ മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി) എന്നിവരും, വിവിധ സ്കൂളിലെ അധ്യാപകരും സന്നിഹിതരായിരുന്നു. പറവൂർ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, കോട്ടപ്പുറം സെന്റ്. ആൻസ് സ്കൂൾ, കൊടുങ്ങലൂർ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ എന്നിവിടങ്ങളിലെ വിദ്യർത്ഥികളും ഹെറിറ്റേജ് വാക്കിൽ പങ്കെടുത്തു.

സാമ്പ്രദായിക രീതിയിലെ ചരിത്രപഠന രീതികളെ ഉപേക്ഷിച്ച് പുതിയ ചരിത്രപഠന രീതികൾ തുറക്കുകവഴി ഒരു ലക്ഷം വിദ്യാർത്ഥി സന്ദർശകരെയാണ് മുസിരിസ് പൈതൃക പദ്ധതി ലക്ഷ്യം വയ്ക്കുന്നത് .







# കോട്ടപ്പുറത്തെ ചുമർചിത്രങ്ങൾ

കോട്ടപ്പുറം ചന്തയിൽനിന്നുള്ള എല്ലാ പൊതുവഴികളും ഇടവഴികളും എത്തിച്ചേരുന്നത് മുസിരിസ് വാട്ടർ ഫ്രണ്ടിലേക്കാണ്. മുസിരിസ് പൈതൃക സംരക്ഷണ പ്രദേശങ്ങളിൽ ഏറ്റവും മനോഹരമായ ഇടമാണ് മുസിരിസ് വാട്ടർ ഫ്രണ്ട്. കോട്ടപ്പുറം ചന്തയുടെ പിറകിലായി ഉള്ള ഈ ഇടത്തിലെ ഓരോ വസ്തുവിനും ചരിത്രത്തിലെ ഓരോ ഏടുകൾ പറയാൻ ഉണ്ടാകും.

മുസിരിസ് കാണാനുള്ള ബോട്ട് യാത്ര തുടങ്ങുന്ന കോട്ടപ്പുറം ചന്തയുടെ തീരത്തിന് കായൽ കടന്ന് വന്നതും പോയതുമായ ചരിത്ര വസ്തുതകൾ പറയാനുണ്ട്, ചരിത്രം കരുതിവെച്ച ചുമർ കാഴ്ചകൾ തന്നെയാണ് പ്രധാന ആകർഷണവും.

ചാമ്പിയൻസ് ബോട്ട് ലീഗിന്റെ രണ്ട് പാദങ്ങൾക്ക് സാക്ഷിയായ കോട്ടപ്പുറം ചന്തയുടെ തീരത്തെ ചുവരുകൾ കാഴ്ചക്കാരെ വരവേൽക്കുന്നത് ആർട്ടിസ്റ്റ് കെ.ജി. ബാബുവിന്റെ 26 അടി പൊക്കമുള്ള ഖസാക്കിന്റെ ഇതിഹാസത്തിലെ കഥാപാത്രങ്ങളിലൂടെയാണ്. മുസിരിസിന്റെ ചരിത്രം പ്രമേയമാക്കിയ ചിത്രങ്ങൾ ഓരോ ചുവരിലും കാണാം. തൃശൂർ ഫൈൻആർട്സ് കോളേജിലെ വിദ്യാർത്ഥിയായ ശ്യാമും സുഹൃത്തുക്കളും രാവ് പകലാക്കി ചാമ്പ്യൻസ് ബോട്ട് ലീഗിന് മുൻപായി തീർത്തതാണ് കോട്ടപ്പുറത്തെ ചുവർചിത്രങ്ങൾ.

കോട്ടപ്പുറത്തെ ഓരോ ചുവരുകൾക്കും കാഴ്ചക്കാരോട് സംവദിക്കാനുണ്ട്, ചുമർചിത്രങ്ങൾ അതിനുള്ള മാധ്യമമാകുന്ന മനോഹരമായ കാഴ്ചയാണ് കോട്ടപ്പുറത്തെ മുസിരിസ് വാട്ടർ ഫ്രണ്ട് കരുതി വയ്ക്കുന്നത്.

# ചേന്ദമംഗലത്തെ ചരിത്ര സ്മാരകങ്ങൾ



ചേന്ദമംഗലം എന്ന ചെറുഗ്രാമം അതിന്റെ ചരിത്രപ്രാധാന്യംകൊണ്ട് മാത്രമല്ല പ്രസക്തമാകുന്നത് അതിന്റെ വർത്തനമാനകാലം കൊണ്ടുകൂടിയാണ്. ചേന്ദമംഗലത്തിന്റെ തെരുവുകൾ ചരിത്രകുതുകികൾക്കും സഞ്ചാരികൾക്കുമായി കരുതി വെച്ചിരിക്കുന്നത് കാഴ്ചകളുടെ വിരുന്നാണ്.

വടക്കൻ പറവൂരിന് നാല് കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്ന ചേന്ദമംഗലം എന്നഗ്രാമം അതിന്റെ ഹിന്ദു-മുസ്ലിം-ക്രിസ്ത്യൻ-ജൂത സംസ്കാരങ്ങൾ ഇടകലർന്ന  സഹിഷ്ണുതയുടെ സാമൂഹ്യ പരിസരങ്ങൾ കൊണ്ടാണ് മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയിൽ അടയാളപ്പെടുത്തുന്നത്. 'ജയന്ദമംഗലം ചൂർണിമംഗലം' എന്നിവയിൽ നിന്നാണ് ചേന്ദമംഗലം എന്ന പേര് വന്നതെന്ന് കരുതപ്പെടുന്നു. നദികളും, ചെറുദ്വീപുകളും, ചെറുകുന്നുകളും, പച്ചപ്പ് നിറഞ്ഞ സമതല പ്രദേശങ്ങളും നിറഞ്ഞ ചേന്ദമംഗലത്തിന്റെ കിഴക്കൻ തീരം ചാലക്കുടിയാറും പെരിയാറും പങ്കിടുന്നു .

വില്ലാർവട്ടം സ്വരൂപം നിലനിന്നിരുന്ന കോട്ടയിൽ കോവിലകം ചേന്ദമംഗലത്തെ മുസിരിസ് പൈതൃക സംരക്ഷിത പ്രദേശമാണ്. കൊട്ടാരം നിലനിൽക്കുന്ന കുന്നിന്റെ സമീപത്തായി അമ്പലവും, മുസ്ലിംപള്ളിയും, ജൂത സെമിത്തേരിയും, ഹോളി ക്രോസ് പള്ളിയുമുണ്ട്. ജൂതപ്പള്ളിക്ക് സമീപത്തായി ജൂതത്തെരുവുണ്ടായിരുന്നു. പോർച്ചുഗീസുകാർ നിർമിച്ച ചേന്ദമംഗലത്തെ വൈപ്പിൻകോട്ട സെമിനാരി ആർക്കിയോളജി വിഭാഗത്തിന്റെ സംരക്ഷിത പ്രദേശമാണ്. ഈ പ്രദേശത്ത് നിലനിന്നിരുന്ന പല കെട്ടിടങ്ങളും പിൽക്കാല യുദ്ധങ്ങളിൽ തകർക്കപ്പെട്ടിരുന്നു. 1577ൽ നിർമിക്കപ്പെട്ടുവെന്ന് കരുതുന്ന ഹോളി ക്രോസ് പള്ളി പിൽക്കാലത്ത് പുനർനിർമിക്കപ്പെട്ടതാണ്. ഹോളി ക്രോസ് പള്ളിയുടെ ചുമരുകളിൽ ഇപ്പോഴും വട്ടെഴുത്തിൽ എഴുതപ്പെട്ട ലിഖിതങ്ങൾ കാണാം.



കേരളത്തിന്റെ  ജൂത ചരിത്രത്തിൽ ചേന്ദമംഗലം സിനഗോഗിന് പ്രത്യേക സ്ഥാനമുണ്ട്. മുസിരിസ് പൈതൃക സംരക്ഷിത പ്രദേശമായ ചേന്ദമംഗലം സിനഗോഗിൽ കേരളത്തിലെ ജൂതരുടെ ആചാരങ്ങളും, ജീവിതരീതികളും സൂക്ഷിക്കുന്നു. കേരളത്തിന്റെ മതേതരത്വ ചരിത്രത്തിന്റെ ഉദാത്ത ഉദാഹരണമായി ചേന്ദമംഗലം സിനഗോഗ് സഞ്ചാരികളെ ആകർഷിക്കുന്നു.

17, 18 നൂറ്റാണ്ടുകളിൽ കൊച്ചി രാജാവിന്റെ പ്രധാന മന്ത്രിയായിരുന്ന പാലിയത്തച്ചന്റെ താമസസ്ഥലമായിരുന്ന പാലിയം നാലുകെട്ട് മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയിലുൾപ്പെടുന്ന മ്യൂസിയമാണ്. കൊട്ടാരത്തിന്റെയും അതിന്റെ ചുറ്റിലുമായി കാണപ്പെടുന്ന വീടുകളുടെയും രൂപകൽപ്പന സഞ്ചാരികളുടെ പ്രധാന ആകർഷണമാണ്. കൊട്ടാരത്തിന് ചുറ്റുമായുള്ള വീടുകൾ അമ്മവഴിയിലെ സ്ത്രീകൾ താമസിച്ചിരുന്ന ഇടങ്ങളായിരുന്നു. ഡച്ച്-തദ്ദേശീയ വാസ്തുവിദ്യ വിളിച്ചോതുന്നതാണ് പാലിയം ഡച്ച് മ്യൂസിയം. മുസിരിസ് പൈതൃക പദ്ധതിയുടെ സാംസ്കാരിക വൈവിധ്യം വിളിച്ചോതുന്ന സ്മാരകങ്ങൾക്ക് ഇവയെല്ലാം ഉദാഹരണങ്ങളാണ്.

പാലിയം ദേവസ്വത്തിന് കീഴിലുള്ള അമ്പലങ്ങൾ, പാലിയം ഊട്ടുപുര, വിഷുക്കാലത്തെ 'മാറ്റ ചന്ത' എല്ലാം പോയകാലത്തെ സൂചിപ്പിച്ചുകൊണ്ട് ഇന്നും പാലിയത്ത് നിലനിൽക്കുന്നുണ്ട്. ചേന്ദമംഗലം കൈത്തറിയും, പാരമ്പര്യ കരകൗശല വിദഗ്ദ്ധരും ലോകപ്രശസ്തമാണ്.




# മാള-ജൂത ഉടമ്പടിയുടെ 65-മത് വാർഷികം

പാരമ്പര്യം, ചരിത്രം, സംസ്കാരം എന്നിവയുടെ പര്യായമാണ് തൃശൂർ ജില്ലയിലെ ചെറുഗ്രാമമായ മാള. പണ്ടത്തെ ജൂതകുടിയേറ്റ മേഖലകളിലൊന്നായ മാള കേരളത്തെ ചരിത്രവുമായി ബന്ധിപ്പിക്കുന്ന പാലമാണ്. പഴയ ജൂതകാല അയൽവക്കങ്ങളെ ഓർമിപ്പിക്കുന്ന 'കടവ്', ജൂത സിനഗോഗുൾപ്പെടെ വിവിധതരം സ്മാരകങ്ങൾ മാളയിൽ ഉണ്ട്.

1950ലെ കുടിയേറ്റ സമയത്ത് ജൂതസമൂഹം ജൂതസിനഗോഗും, സിമത്തേരിയും മാള പഞ്ചായത്തിന് നിയമപ്രകാരം രജിസ്റ്റർ ചെയ്ത ആധാരം 1955 ജനുവരി 4ന് കൈമാറി. ഈ ചരിത്രരേഖയിൽ ജൂത സിനഗോഗും, സെമിത്തേരിയും സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ മാള പഞ്ചായത്തിന് നൽകിയിട്ടുണ്ട്. മാള-ജൂത ഉടമ്പടിയുടെ 65-മത് വാർഷികത്തോട് അനുബന്ധിച്ച് 'മാളയിലെ ജൂത പാരമ്പര്യത്തെ കുറിച്ച്' ഒരു അന്താരാഷ്ട്ര സെമിനാർ മാള പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി 2020 ജനുവരി 4ന് മാള പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽവെച്ച് സംഘടിപ്പിച്ചു.

മാള കടവിൽനിന്ന് സിനഗോഗ് വരെയുള്ള ഹെറിറ്റേജ് വാക്കിൽ സ്കൂൾ വിദ്യാർത്ഥികൾ പങ്കെടുത്തു. കേരളത്തിലെ ജൂതചരിത്രത്തെ അനൗപചാരികമായി പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് കുട്ടികൾക്കുവേണ്ടി ഹെറിറ്റേജ് വാക് സംഘടിപ്പിച്ചത്. മുസിരിസ് പൈതൃക പദ്ധതിയുടെകീഴിൽ ജൂതസിനഗോഗിൽ നടക്കുന്ന പുനരുദ്ധാരണ പദ്ധതികളെ കുറിച്ച് മുസിരിസ് മാനേജിങ് ഡയറക്ടർ ശ്രീ. പി.എം. നൗഷാദ് സദസ്സിനെ അറിയിച്ചു. സിനഗോഗിനെ മ്യൂസിയമാക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യൻ ചരിത്രത്തിൽ മുസിരിസിന്റെ പ്രസക്തിയും അതിൽ കൊടുങ്ങല്ലൂരും മാളയും നിർവഹിക്കുന്ന പ്രധാന പങ്കിനെയുംകുറിച്ച് ഉത്ഘാടന പ്രസംഗത്തിൽ ശ്രീ. വി.ആർ. സുനിൽ കുമാർ എം.എൽ.എ. സംസാരിച്ചു. വൈലോപ്പിള്ളി രചിച്ച കേരളത്തിലെ ജൂത കുടിയേറ്റത്തെക്കുറിച്ചുള്ള കവിത ശ്രീമതി സ്മിത പി മേനോൻ അവതരിപ്പിച്ചു.




പ്രൊഫ. ഡോ. കേശവൻ വെളുത്താട്ട്, ഡയറക്ടർ ISHCK ആമുഖ പ്രസംഗം നടത്തി. ശ്രീമതി ശോഭ സുഭാഷ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചടങ്ങിൽ സംസാരിച്ചു. വിദ്യഭ്യാസ-ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായ ശ്രീ. ബിജു ഉറുമീസ് നന്ദി പ്രകാശിപ്പിച്ചു.

യൂ.കെയിലെ ഗ്ലാസ്ഗോ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഡോ. ഓഫിറ ഗംലിയേൽ 'A History yet to be told: Mala in the Fading Memories of Kerala Jews'എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചു. മലയാളത്തിലുള്ള ജൂത പെൺപാട്ടുകളുടെ സമാഹാരമായ കാർക്കുഴലി അവർക്ക് സമ്മാനമായി നൽകി. പ്രൊഫ. സി. കർമചന്ദ്രൻ, ഡോ. ലൈജു പോൾ കെ. എന്നിവർ കേരളത്തിലെ ജൂത പൈതൃകവുമായി ബന്ധപ്പെട്ട വിവിധ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ശ്രീ. ഏലിയാസ് ജോസഫ് ഐ. കടവുംഭാഗം സിനഗോഗ് എറണാകുളം, ഡോ. യഹൂദ കോവേഷ്, അന്ത്രപ്പോളജിസ്റ്റ് ക്യൂബ, എന്നിവർ ജൂത പ്രതിനിധികൾക്കായുള്ള സമ്മേളനത്തിന് നേതൃത്വം നൽകി. പ്രാദേശികമായി നടക്കുന്ന പൈതൃക സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീ. പി.കെ. കിട്ടൻ, ശ്രീ. ജോൺ കല്ലിയത്ത്, അർണോസ് പാതിരി സ്മാരകം, തൃശൂർ, ശ്രീ. വർഗീസ് ആന്റണി, മുനിയാട്ടുകുന്ന് സംരക്ഷണ സമിതി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സന്ദർശകർക്കായി ഫോട്ടോ പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

# ഈ മാസത്തെ പരിപാടികൾ






മുസിരിസ് പൈതൃക പദ്ധതിയുടെ കൺസെർവേഷൻ കൺസൽട്ടന്റായ ഡോ. ബെന്നി കുരിയാക്കോസ്, മുസിരിസ് സ്മാരകങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കായി മുസിരിസ് റിസേർച്ച് ആൻഡ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വച്ച് 2020 ജനുവരി 9,10 തിയ്യതികളിൽ ശിൽപ്പശാല നടത്തി.



ഗോതുരുത്ത് ഫെസ്റ്റ് 2020 പ്രഖ്യാപനത്തിന്റെ ഭാഗമായി ഗോതുരുത്തിൽ പുതിയ ബോട്ട് ജെട്ടി വി.ഡി. സതീശൻ എം.എൽ.എ ഉത്ഘാടനം ചെയ്തു. ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ടി.ജി. അനൂപ് ചടങ്ങിൽ മുഖ്യഅദ്ധ്യക്ഷനായിരുന്നു.

റെനെ വോൺ ബേക്കൽ, യുണൈറ്റഡ് നേഷൻസിന്റെ ഇൻഡസ്ട്രിയൽ ഡെവലൊപ്മെന്റ് ഓർഗനൈസേഷന്റെ തലവൻ (UNIDO), ഡോ. സിനൈദ ഫദീവ, മുതിർന്ന ഉപദേഷ്ടാവ് അഡ്വൈസർ-സ്ട്രാറ്റജി ആൻഡ് പോളിസി, യുണൈറ്റഡ് നേഷൻസ് കോൺഫറൻസ് ഓൺ ട്രേഡ് ആൻഡ് ഡെവലപ്മെന്റ് (UNCTAD) എന്നിവർ മുസിരിസ് പൈതൃക പ്രദേശങ്ങളായ പറവൂർ സിനഗോഗ്, കോട്ടപ്പുറം കൊട്ടാരം, കോട്ടപ്പുറം മാർക്കറ്റ്, പാലിയം കൊട്ടാരം എന്നിവ 2020 ജനുവരി 11 ന് സന്ദർശിച്ചു .



അച്ചടി & പ്രസിദ്ധീകരണം : നൗഷാദ് പി.എം., മാനേജിംഗ് ഡയറക്ടർ,
മുസിരിസ് പ്രോജക്റ്റ്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ, കേരള – ഫോൺ : 0480 2807717